**Please wear a 3D Glass**
**for Better Visual Experience**




PIXELS
2020
DIGITAL MAGAZINE
MTMHSS PAMPAKUDA
POWERED BY
little KITEs
3D


SHOW TIME


## എംടിഎം സ്കൂൾ പാമ്പാക്കുട

### ലിറ്റിൽ കൈറ്റ്സ്
### ഡിജിറ്റൽ മാഗസിൻ

പ്രിയ സുഹൃത്തുക്കളെ,

2019-20 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സിൻെറ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ച കൂട്ടുകാർ നിരവധിയാണ്. കഥയും,കവിതയും,ലേഖനവും,എല്ലാം തന്ന് ഞങ്ങളെ സഹായിച്ചവർക്ക് നന്ദി.അതോടൊപ്പം ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ലിജോ സാറിനും, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ഷിബി ടീച്ചറിനും സ്കൂൾ എസ്.ഐ.ടി.സി .അനു ടിച്ചറിനും എല്ലാ വിധ പ്രോത്സാഹനങ്ങ്ളുംതരുന്ന സ്കൂൾ ഹെഡ്മിസ്ട്രസ് ഷെറീനാ മാഡത്തിനും ഞങ്ങൾക്കുള്ളനന്ദി അറിച്ച് കൊണ്ട് ഈ മാഗസിൻ നിങ്ങൾകുമുമ്പിൽ സമർപ്പിക്കുന്നു.

എന്ന്. സ്നേഹപൂർവ്വം ഗോകുൽ മനേഷ്.






## പിന്നിട്ട പടവുകൾ

1936ൽ ഒരു യു.പി സ്കൂളായി പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിന് മുൻ കണ്ടനാട് ഭദ്രാസനമെത്രപ്പൊലീത്ത അഭി.ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയുടെ നാമമാണ് നൽകിയിരിക്കുന്നത്. തന്റെ പേരിനോട് ചേർത്തിരിക്കുന്ന ഔഗേൻ എന്ന പരിശുദ്ധന്റെ ജീവിതം ആ പിതാവിനെ ആഴമായി സ്പർശിച്ചിരുന്നു. കൂടാതെ പരി. ഔഗേൻ ബാവയ്ക്ക് പാമ്പാക്കുട ദേശമായും കോനാട്ട് മൽപ്പാൻ പാഠശാലയുമായുള്ളബന്ധവും സ്കൂളിന് ആ പേരും നൽകുന്നതിന് കാരണമായി.

ബഹു.കോനാട്ട് എബ്രഹാം മൽപ്പാന്റെ രണ്ടാമൻ, ശ്രീ.എം.വി ചെറിയാൻ മംഗലത്ത്, ശ്രീ.മാത്യു മാടപ്പറമ്പില്, ശ്രീ. എം.സി.ജോർജ് മാരേക്കാട്ട്, ശ്രീ.കെ.പി പൈലി കൊച്ചു പുരയ്ക്കൽ, ശ്രീ. ചിന്നക്കുട്ടി ജോർജ്ചന്ദ്രത്തിൽ എന്നിവർ ചേർന്ന് രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിയാണ് സ്കൂളിന് തുടക്കം കുറിച്ചത്.



അക്കാലത്ത് 8 ഏക്കറോളം സ്ഥലം വാങ്ങി വിശാലമായ കാമ്പസ് ക്രമീകരിച്ച് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നത് ശ്രദ്ധേയമാണ്. തുടർന്ന് 1947ൽ സർക്കാ ർ അനുവാദത്തോടെ ഹൈസ്കൂളായി ഉയർത്തി. വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന ഫീസ് ഉപയോഗിച്ച് അദ്ധ്യപകർക്ക് ശമ്പളം കൊടുത്താണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1959ൽ വിദ്യാഭ്യാസ നിയമം നടപ്പിലായതിനെതുടർന്ന് ഫീസ് സർക്കാരിലടയ്ക്കുകയും അദ്ധ്യപകർക്ക് സർക്കാർ തന്നെ ശമ്പളം കൊടുക്കുന്ന സംവിധാനം നിലയിൽ വരികയും ചെയ്തു. 1991മുതൽ കോളേജിൽ നിന്നും പ്രിടിഗ്രി വേർപ്പെടുത്തിയപ്പോൾ ഹയർ സെക്കന്ററി വിഭാഗം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് നിരന്തരമായ നിയമ യുദ്ധങ്ങൾക്കൊടുവില് 2003ൽ ഹയർസെക്കന്ററി അനുവദിച്ചു.



സ്കൂളിന്റെ ഇപ്പോഴത്തെ മാനേജിംഗ് ബോർഡ് അംഗങ്ങളായി റവ.ഫാ.ഡോ.ജോൺസ് എബ്രഹാം കോനാട്ട്,ശ്രീ.കെ.പി പോൾ കൊച്ചുപുരയ്ക്കൽ,ശ്രീമതി മേരി ഉതുപ്പുണ്ണി ചാലപ്പുറം, ശ്രീമതി സിമിലു റോയി മാടപ്പറമ്പിൽ,ശ്രീ.മോത്തി ജോർജ് ജേക്കബ്ബ് മാരേക്കാട്ട് എന്നിവരും, ഹയർ സെക്കന്ററി വിഭാഗം പ്രിൻസിപ്പലായി ശ്രീ.എം.കെ ജോസും, ഹൈസ്കൂൾ വിഭാഗം ഹെഡ്മിസ്ട്രസായി ശ്രമതി.ഷെറീന മാത്യു കെയും, എൽ.പി വിഭാഗം പ്രിസിപ്പലായി ശ്രീമതി ബിന്ദു ജിബിയും പ്രവർത്തിക്കുന്നു.

-റോയി പുത്തൂരാൻ






# WHAT IS STEREOSCOPIC 3D ?

3D imaging or stereoscopic imaging is a technique used to record and display 3D(three dimensional) images or an illusion of depth in an image. Stereoscopic images provide spatial information that trick a user's brain into believing and seeing depth in the images. The 3D effect works because of a principle called stereopsis. Each eye is in a different location, and as a result, it sees a slightly different image. The difference between these images is what lets us perceive depth. This effect can be replicated with photography by taking two pictures of the subject that are offset by the same distance as your eyes. Adding Red & Blue Colour filter to eache of the image, we can project the right and left views on the screen. The observer wears glasses that filter the image so that each eye sees only the appropriate view.

LIJO MALIYAKEL






# നദിയോട്...

നദിയോട്...
ഒരായിരം മാപ്പ്...
നിൻ വൃഷ്ടിപ്രദേശത്തെ മാനംമുട്ടും വൻമരങ്ങൾ
വെട്ടിയതിനോ?
നിൻ ധമനികളാം കാട്ടരുവിയിൽ അണ
കെട്ടിയതിനോ?
നിൻ കൈവഴികളുടെ ഗതി തിരിച്ചുവിട്ടതിനോ?
നിന്നിലേക്കൊഴുകിറങ്ങുന്ന തുഷാരബിന്ദുക്കളുടെ ആ
ക്കിൽ മാലിന്യങ്ങൾ നിറച്ചതിനോ?
ഒരു കോടി മാപ്പ്...



നിനക്കാവില്ല ഞങ്ങൾക്കിതിനു മാപ്പുതരാൻ...!
നിനക്കല്ല മററാർക്കുമിതിനാവില്ല...!
സ്വന്തം ചവിട്ടടി താഴുമ്പോൾ തോണ്ടവരളുമ്പോൾ...
ശ്വാസം മുട്ടുമ്പോൾ...
ഞാന്...നമ്മളിതാ തിരിച്ചറിയുന്നു...
നിൻ സനേഹം... നിൻ ദയ...നിൻ കാരുണ്യം...
നിൻ കുളിർമ...നിൻ സൗരഭ്യം... നിൻ സൗകുമാര്യം...
നിൻ സമ്പൽസമൃദ്ധി...നിൻ ആർദ്രത... നിൻ ത്യാഗം...
മാപ്പ്...മാപ്പ്...മാപ്പ്....


– ശ്രീരാം മംഗലസ്സ്



## എന്റെ കേരളം

കൊച്ചു കേരളം
കേരം തിങ്ങും കേരളം
കേളികൊട്ടുയരുന്ന കേരളം
പ്രകൃതിദാനമാം എൻ കേരളം
കലകളാൽ നിറയും എൻ കേരളം
എന്റെ കൊച്ചു കേരളം
എത്ര മനോഹരം..........

ബേസിൽ റ്റി സജി



## ഗൈഡിംഗ് പ്രവർത്തനങ്ങൾ

മൂവാറ്റുപുഴ വിദ്യാഭ്യാസജില്ലയിൽ 50-ാം ഗൈഡ് യൂണിറ്റായി നമ്മുടെ ഗൈഡ് പ്രവർത്തിച്ചുവരുന്നു. 25വർഷ മായി പ്രവർത്തിച്ചുവരുന്ന ഈ യൂണിറ്റ് ജില്ലയിലെ ഒരു മികച്ച യൂണിറ്റായി അറിയപ്പെടുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും അവരുടെ ദൈനംദിന പ്രവർത്തനങ്ങളിലും അടുക്കും ചിട്ടയും കൊണ്ടുവരുന്നതിന് ഗൈഡിംഗ് പ്രവർത്തനങ്ങൾ വളരെയധികം സ്വാധീനം ചെലുത്തുന്നു. ഗൈഡ് നിയമങ്ങളും പ്രതിജ്ഞയും അതോടൊപ്പം ക്യാമ്പ്പ്രവർത്തനങ്ങളും കുട്ടികളെ നല്ലൊരു



**RAJYAPURASKAR**
**AWARD WINNERS**
**MTMHSS PAMPAKUDA**

വ്യക്തിത്വത്തിന് ഉടമകളാക്കുന്നു. ശ്രീമതി.സി.കെ ഏലിയാമ്മ ടീച്ചറിന്റെ കീഴിലാണ് ആദ്യമായി ഈ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 1996 ൽ ജെസ്സി കെ. ജോയിയും 2006 ൽ ശ്രീമതി. അജകുമാരി കെ. വി. യും യൂണിറ്റ് Z ക്യാപ്റ്റൻമാരായി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. 24 രാഷ്ട്രപതി ഗൈഡുകളും 62 രാജ്യ പുരസ്കാർ ഗൈഡുകളും ഇവിടെ നിന്നും സർട്ടിഫിക്കറ്റുകൾ നേടി കടന്നുപോയിട്ടുണ്ട്. ഈ കുട്ടികൾഎല്ലാം S.S.L.C.പരീക്ഷയിൽ ഗ്രേയ്സ് മാർക്കിന് അർഹരായിട്ടുണ്ട്. ഈ പാറ്റിനം ജൂബിലി വർഷത്തിൽ ഈ യുണിറ്റിലൂടെ കടന്നുപോയ ഓരോരുത്തരേയും നന്ദിയോടെ സ്മരിക്കുന്നു. നമ്മോടൊപ്പം പത്തുവർഷക്കാലം സ്കൗട്ട്യൂണിറ്റ് പ്രവർത്തനം നടത്തി, അകാലത്തിൽ ഞങ്ങളിൽനിന്നും അടർന്നുപോയ ശ്രീ. പി. വി. എൽദോ സാറിനെപ്രത്യേകം അനുസ്മരിക്കുന്നു. സ്കൗട്ട് പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ശ്രമിച്ചുവരുന്നു.

ജെസ്സി കെ. ജോയി
ഗൈഡ് ക്യാപ്റ്റൻ

## NCC

ഇന്ത്യയിൽ എൻ.സി.സി പ്രവർത്തനമാരംഭിച്ച കാത്തുതന്നെ, ദീർഘകാലത്തെ സേവനപാരമ്പര്യമുള്ള ഈ സ്കൂളിൽ മുൻ എം.എൽ.എ.യും സ്കൂളിന്റെ പ്രഥമ ഹെഡ്മാസറ്ററുമായ അന്തരിച്ച ശ്രീ.എം.വി. ചെറിയാൻ മംഗലത്തിന്റെ ശ്രമഫലമയി ഒരു യൂണിറ്റ് അനുവദിക്കുകയും 1957 മുതൽ 1983 വരെ സ്തുത്യർഹമായ രീതിയിൽ പ്രർത്തിക്കുകയും ചെയ്തു. മുൻ ഹെഡ്മാസറ്റർ കുടിയായ ശ്രീ. എം. രാജനാണ് സ്കൂളിലെ ആദ്യ എൻ.സി.സി. ഒഫീസർ. ശ്രീ. എം. എ. കുര്യാക്കോസ്, ശ്രീ. എം.കെ. ബാബു എന്നീ അന്തരിച്ച അധ്യാപകരും എൻ.സി.സി. ഓഫീസർമാരായി സേവനമുഷ്ഠിച്ചിട്ടുണ്ട്.





സ്കൂളിന്റെ പല്ലാറ്റിനം ജൂബിലി വർഷത്തിൽ , 1983 ൽ നിർത്തലാക്കപ്പെട്ട യൂണിറ്റ് വീണ്ടും അനുവദിക്കപ്പെട്ടു. സ്കൂളിലെ എൻ.സി.സി.ല യൂണിറ്റിന്റെ പ്രവർത്തനത്തെ ഊർജ്ജസ്വലമാക്കുവാൻ സഹായിക്കുന്ന എൻ.സി. സി.
18–ാം കേരള ബറ്റാലിയൻക കമാൻഡിംഗ് ഓഫീസർ ലെഫ് . കേണൽ മധുസൂദനൻ. ജി, മറ്റ് ബറ്റാലിയൻ അധികൃതർ, സകൂൾ മാനേജർ റവ.ഫാ. ഡോ. ജോൺസ് അബ്രാഹാം കോനാട്ട്, മറ്റ് മാനേജിംഗ് ബോർഡംഗങ്ങൾ, അഡമിനിസ്ട്രേറ്റർ, അധ്യാപകർ, അനധ്യാപകർ, പി.റ്റി.എ. കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർക്ക് പ്രതത്യകം നന്ദി രേഖപ്പെടുത്തുന്നു.



അനിൽ കെ. നായർ
എൻ.സി.സി.ഓഫീസർ

## എന്റെ റോസാ പ്പൂ

എന്റെ കുഞ്ഞു റോസാ പ്പൂ
എന്റെ സ്വന്തം റോസാപ്പൂ
എന്റെ  ഭംഗിയുള്ള റോസാ പ്പൂ
എന്റെ കുഞ്ഞു റോസാ പ്പൂ
എന്റെ സ്വന്തം റോസാ പ്പൂ........




# എൻ അമ്മ !

എൻ ഹ്ദയസ്പർശമായ്
തീർന്നൊരു വ്യക്തിയായ്
എൻ ജീവിത്തിനർത്ത
മേകി ജന്മമായ്

എന്നമ്മൻ അരികിൽ
താങ്ങായ് തണലായ്
ആയിരങ്ങാള് ഒരുവളായ്
എൻ ചാരെ നിൽപ്പൂ

എന്നമ്മൻ സന്ദോഷത്തിനായ്
അവർ തൻ സന്തോഷമേകി
പിന്നെ ഒരു നറുപുഞ്ചിരി
ച്ചുകി എനിക്കായ്.......

എൻ അമ്മ,



# പ്രയോഗഭംഗി

മയിൽപ്പീലിക്കണ്ണിൽ നിന്ന് കരുണാകുലമായ ഒരു
നോട്ടം നീണ്ടുവന്ന് അവളെ തൊട്ടു
സുന്ദരമായ മയിൽപ്പീലിയുടെ ഉള്ളിലെവലയത്തെ
മാൻ പേട കണ്ണ്പോലെ ദൈവം മെനി ഞ്ഞിരിക്കുന്നു.
ആ കണ്ണിൽ നിന്ന് ഒരു നോട്ടം എത്ര ദൂരം
ചെന്നെത്തി എന്ന് കാണികുന്നു.
അവളെ തൊടുന്നതു
വരെ അവളുടെ അടുത്ത് അത് എത്തിചേർന്നിരിക്കുന്നു.
ഒരമ്മയെപോലെ മയിൽപ്പീലി അവളെ കഥ  പറഞ്
ഉറക്കുന്നത്.  അതുപോലെതന്നെ മയിൽപ്പീലി കരുണ
യോടെ അവളെ നോക്കുന്നു എന്നാണ് ഇതിലൂടെ അർ
തഥമാക്കുന്നത്.

ബേസിൽ ജോൺസൺ



# ലഹരി

ലഹരി വിഷമാണ്
അത് ജിവന് ആപത്താണ് .
ലഹരിയാണ് ഇന്ന് ലോകം.
ലഹരിയിലാണ് ഇന്ന് ലോകം.
ലഹരിയിൽ അടിമയാണ് മനുഷ്യർ.

ലഹരി വിഷമാണ് അത്
ജീവന് ആപത്തുമാണ്
എന്ന് അറിവും കൈക്കൊള്ളാണ്ട്
കഴിയുന്ന മനുഷ്യർ.
ഓർക്കുക താൻ അടിമയാകുന്ന
വേളയിൽ ഇല്ലായ്മ ചെയ്യുന്നത്
താങ്ങുംതണലും ഏകുന്ന കു
ടുംബമാണ് .

–ഗോകുൽ മനേഷ്



# റോസാപൂവ്

പൂന്താട്ടത്തിൽ മനോഹരമായ ഒരു പൂവുണ്ടായിരുന്നു റോസാ പൂവ് . അതിന് വളരെ നല്ല മണമായിരുതന്നു. ആ പൂവ്  കാണാൻ  നല്ല രസമായിരുന്നു. ഒരു ദിവസം മനോഹരമായ ഒരു പൂമ്പാറ്റ ആ പൂന്തോട്ടത്തിൽ തേൻ കുടിക്കാൻ വന്നു. ആ പൂമ്പാറ്റ റോസാ പൂവിലാണ് വന്നിരുന്നത് . റോസാ പൂവ് നോക്കിയപ്പൾ മനോഹരമായ ഒരു പൂമ്പാറ്റ. അവൾക്ക് സന്തോഷമയി. പൂമ്പാറ്റ കുറിച്ചു തേൻ കുടിച്ചിട്ട് പെട്ടെന്ന് പറന്നുപോയി .റോസാ  പൂവിന് സങ്കടമായി. കുറിച്ചു നേരം കഴിഞ്ഞപ്പോൾ പൂമ്പാറ്റ തേൻ കുടിക്കൻ പിന്നെയും ആ പൂവിൽ തെന്ന വന്നു . റോസാ പൂവിന്  വളെര സേന്താഷമായി .



പിന്നെ റോസാ പൂവ് ചോദിച്ച നിന്റെ പേരെന്താ? പൂമ്പാറ്റ പറഞ്ഞു കൃഷ്ണശലഭം. പൂമ്പാറ്റ തിരിച്ച് പുവിനോട് ചോദിച്ച നിന്റെ പേരെന്താണെന്ന് ? അവൾ പറഞ്ഞു . റോസാ പൂവ്. പിന്നെ അവർ കുറേ നേരം സംസാരിച്ചിരിന്നി . പിന്നെ പുമ്പാറ്റ റ്റാറ്റ കാട്ടി പറന്നുപോയി.

ജാസമിൻ വർഗീസ്



## നന്ദി

ഈ ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ച എല്ലാവർക്കും ഒരായിരം നന്ദി....നന്ദി....നന്ദി.....

